# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1311 — 03.12.2015 ൽ മറുപടിയ്ക്ക്

### പയർ വർഗ്ഗങ്ങളുടെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഉഴുന്നുപരിപ്പ്, തുവരപരിപ്പ്, ചെറുപയർ എന്നീ പയർ വർഗ്ഗങ്ങൾക്കുണ്ടായ വിലക്കയറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പൊതുവിപണിയിൽ വില നിയന്ത്രണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പൊതു വിപണിയിൽ വില നിയന്ത്രിക്കുന്നതിന് കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുമായും ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും, ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും, താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും, റെയ്ഡും നടത്തുന്നു. കൂടാതെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങളുടേയും വില വർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു. മാത്രമല്ല സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റ്, ന്യായ വില ഷോപ്പുകൾ, പീപ്പിൾസ് ബസാറുകൾ മുതലായവയിലൂടെ സബ്സിഡി നിരക്കിൽ പയറു വർഗ്ഗങ്ങളുടെ വിലക്കയറ്റം തടയുന്നതിനായി നിശ്ചിത അളവിൽ വിതരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കൃത്രിമമായ വിലക്കയറ്റവും പൂഴ്ത്തി വെയ്പ്പും തടയുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ജില്ലാ കളക്ടർമാർക്കും, ജില്ലാ സപ്ലൈ ഓഫീസർമാർക്കും കൂടുതൽ അധികാരങ്ങൾ നൽകി കരിഞ്ചന്തയും പൂഴ്ത്തിവെയ്പ്പും തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) നിലവിൽ 1955 ലെ അവശ്യ സാധന നിയമപ്രകാരം ഉള്ള അധികാരങ്ങളും ജില്ലാ കളക്ടറിൽ നിക്ഷിപ്തമായ അധികാരങ്ങളും ഉപയോഗിച്ചാണ് കരിഞ്ചന്തയും പൂഴ്ത്തി വെയ്പ്പും തടയുന്നത്. |
| (ഇ) ഇതുവരെ എത്ര റെയ്ഡുകളാണ് നടത്തിയിട്ടുള്ളത്; സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (ഇ) നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതു വരെ 7246 പരിശോധനകൾ നടത്തിയിട്ടുണ്ട്. |

Beena

സെക്ഷൻ ഓഫീസർ